"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് - കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ഔദ്യോഗിക വസതിയുടെ ഉദ്ഘാടന ചടങ്ങിലേക്കുള്ള ചെലവിന് തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.709/2025/HOME തീയതി,തിരുവനന്തപുരം, 05-03-2025

---

പരാമർശം:- 1) സംസ്ഥാന പോലീസ് മേധാവിയുടെ 03.02.2025 ലെ എച്ച്12-17123/2025/പി.എച്ച്.ക്യൂ നമ്പർ കത്ത്.

2) 27.02.2025 ലെ സ.ഉ. (സാധാ) നം.1846/2025/ധന നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

സംസ്ഥാന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ഔദ്യോഗിക വസതിയുടെ ഉദ്ഘാടനം മാർച്ച് 1, 2025ന് ബഹു.മുഖ്യമന്ത്രി ഓൺലൈനായി നിർവ്വഹിക്കുന്നതിന് ഉദ്ഘാടന ചടങ്ങിനോടനുബന്ധിച്ചുള്ള ചെലവിനായി 50,000/- രൂപ 2055-00-109-99-00-34-OC എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകണമെന്ന് സംസ്ഥാന പോലീസ് മേധാവി പരാമർശിത കത്തു പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2)സർക്കാർ ഈ വിഷയം പരിശോധിച്ചു. കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ഔദ്യോഗിക വസതിയുടെ ഉദ്ഘാടന ചടങ്ങിനായി 50,000/- രൂപ (അമ്പതിനായിരം രൂപ മാത്രം) 2055-00-109-99-00-34-OC എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3)പ്രസ്തുത ആവശ്യത്തിലേയ്ക്കായി 2055-00-109-99-00-34-OC എന്ന ശീർഷകത്തിൽ 50,000/- രൂപ (അമ്പതിനായിരം രൂപ മാത്രം) അധികധനാനുമതിയായി പരാമർശം (2)ലെ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജികുമാർ ജി
അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (27.02.2025 ലെ വ്യയം-എ3/64/2025-ധന (3060110) പ്രകാരം)
ഡയറക്ടർ, ഐ&പി.ആർ.ഡി. (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Prameela K Nair
സെക്ഷൻ ഓഫീസർ
Date: 05-03-2025 14:26:40